കേരള സർക്കാർ

നം.73342/ഡിഎ3/ 2014/തസ്വഭവ
തദ്ദേശസ്വയംഭരണ(ഡി.എ)വകുപ്പ്,
തിരുവനന്തപുരം, തീയതി :18.11.2014

സർക്കുലർ

വിഷയം:-തദ്ദേശസ്വയംഭരണവകുപ്പ് - 2015-16 വാർഷിക പദ്ധതി കമ്മ്യൂണിറ്റി പ്ലാൻ പരിഗണിക്കുന്നത്-സംബന്ധിച്ച്.

സൂചന :-വികേന്ദ്രീകൃതാസൂത്രണ സമിതിയുടെ 12.11.14-ലെ 2.5 നമ്പർ തീരുമാനം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2015-16 വാർഷിക പദ്ധതി തയ്യാറാക്കുന്ന അവസരത്തിൽ ഗ്രാമകേന്ദ്രങ്ങൾ മുഖേനയുള്ള കമ്മ്യൂണിറ്റി പ്ലാൻ കൂടി പരിഗണിക്കണമെന്ന സൂചനയിലെ തീരുമാനം സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

2015-16 വാർഷിക പദ്ധതിയിൽ അയൽസഭകളിൽ നിന്നും വരുന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് ഗ്രാമകേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ ഓരോ വാർഡുകളിലേയും നിലവിലെ അവസ്ഥ, നേരിടുന്ന പ്രശ്നങ്ങൾ, വികസന ആവശ്യങ്ങൾ എന്നിവ ഉൾപ്പെട്ട കമ്മ്യൂണിറ്റി പ്ലാൻ തയ്യാറാക്കി ഗ്രാമകേന്ദ്രം മുഖേന തദ്ദേശഭരണ സ്ഥാപന സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. സെക്രട്ടറി വർക്കിംഗ് ഗ്രൂപ്പിലെ വിവിധ വിഷയ മേഖല കൺവീനർമാർക്ക് ഇവ രേഖാമൂലം കൈമാറേണ്ടതും വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാർ പ്രസ്തുത കമ്മ്യൂണിറ്റി പ്ലാൻ പരിഗണിച്ചുവേണം കരട് വാർഷിക പദ്ധതി തയ്യാറാക്കേണ്ടതെന്നും നിർദ്ദേശിക്കുന്നു.

സി.വൽസല,
ജോയിന്റ് സെക്രട്ടറി,
പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി.

1.പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2.ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
3.നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
4.ഐ.കെ.എം, തിരുവനന്തപുരം
5.ഡയറക്ടർ, കില
6.സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം

പകർപ്പ്

പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രിയുടെ പി.എസ്സിന്
നഗരകാര്യ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്
ഗ്രാമവികസന വകുപ്പ് മന്ത്രിയുടെ പി.എസ്സിന്

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.